# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3223 14.07.2015 ൽ മറുപടിക്ക്**

**തപാൽ മേഖലയിലെ പരിഷ്കരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കമ്പിത്തപാൽ മേഖലയിലെ സേവനങ്ങളിൽ പലതും പ്രാദേശികമായ സൗകര്യക്കുറവുകൾ മൂലം പരിഷ്കരിക്കപ്പെടേണ്ടതും മാറ്റപ്പെടേണ്ടതുമാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ പരിധിയിൽ നിന്ന് ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ഇന്റർനെറ്റിലൂടെ വളരെവേഗം വിവര വിനിമയത്തിന് സാധ്യതയുള്ളപ്പോൾ കുറഞ്ഞ ചെലവിൽ വിവരങ്ങളെത്തിക്കാൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന പോസ്റ്റ് കാർഡ്, ഇൻലാന്റ് ലെറ്റർ കാർഡ് എന്നിവയിൽ കമ്പ്യൂട്ടർ പ്രിന്റ് എടുത്താൽ കാർഡിന്റെ വില 50 പൈസ എന്നതിൽ നിന്നും പലമടങ്ങ് വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഇപ്പോഴും കൂടുതലായി ഉപയോഗിക്കപ്പെടുന്ന പോസ്റ്റ് കാർഡിൽ കമ്പ്യൂട്ടർ പ്രിന്റോ, സീലോ ഉപയോഗിക്കുന്നതിന് അധിക തുക ഈടാക്കുന്ന നടപടി ഒഴിവാക്കുന്നതിന് അനുമതി തേടുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പോസ്റ്റ് കാർഡിന്റെ നിരക്ക് ഇപ്പോഴും വർഷങ്ങൾക്കു മുമ്പ് നിശ്ചയിച്ചിട്ടുള്ള 50 പൈസ തന്നെയാണ്. എന്നാൽ അതിന്റെ ഫോട്ടോകോപ്പി ഉപയോഗിക്കുമ്പോൾ "Printed Post Card' എന്ന വിഭാഗത്തിൽ വരുന്നതുകൊണ്ടാണ് 6 രൂപ ചാർജ്ജ് നൽകേണ്ടി വരുന്നത്. |

സെക്ഷൻ ഓഫീസർ